**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2874** 18-08-2017 -ൽ മറുപടിക്ക്

## ദുരന്തനിവാരണ അതോറിറ്റിയുടെ പ്രവർത്തനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. ബി.ഡി. ദേവസ്സി**<br>**ശ്രീ. ഒ. ആർ. കേളു**<br>**ശ്രീ. എം. രാജഗോപാലൻ**<br>**ശ്രീ. എം. സ്വരാജ്** | | **ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ പ്രവർത്തനം അവലോകനം ചെയ്യാറുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രകൃതിക്ഷോഭങ്ങളെ നേരിടുന്നതിൽ ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ എത്രമാത്രം ഫലപ്രദമാകുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ദുരന്ത സാഹചര്യങ്ങൾ ഉണ്ടാകുമ്പോൾ സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രം മുഖേന വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് കൃത്യതയാർന്ന തീരുമാനങ്ങളിലൂടെ ആവശ്യമായ പ്രവർത്തനങ്ങൾ കൈക്കൊള്ളുന്നതിന് ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ ഉപയോഗപ്രദമാകാറുണ്ട്. കാലവർഷം തുടങ്ങുന്നതിന് മുന്നോടിയായി ദുരന്ത നിവാരണ അതോറിറ്റിയുടെ യോഗം ചേരാറുണ്ട്. ആയതിന് ശേഷം നിശ്ചിത ഇടവേളകളിൽ യോഗം ചേർന്ന് ആവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്. ദുരന്ത നിവാരണ അതോറിറ്റികൾ മുൻകൂട്ടി തീരുമാനങ്ങൾ എടുത്ത് സുസജ്ജമായിരിക്കുന്നത് ദുരന്തങ്ങൾ യഥാവിധി നേരിടുന്നതിന് സഹായകമാകുന്നതാണ്. ദുരന്തങ്ങളിൽ പ്രതികരിക്കുവാനായി ഭരണപരവും, പ്രവർത്തനപരവുമായ സംവിധാനങ്ങൾ ഒരുക്കി അതീവ സൂക്ഷ്മതയോടെ ദുരന്ത പ്രതിരോധത്തിലും തയ്യാറെടുപ്പിലും ഊന്നിയുള്ള പ്രവർത്തനമാണ് സംസ്ഥാന-ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ നടപ്പിലാക്കുന്നത്. പൊതുജനങ്ങൾക്കും സ്കൂൾ വിദ്യാർത്ഥികൾക്കും ബോധവൽക്കരണത്തിനും ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിനും വേണ്ടി ദേശീയ ദുരന്ത നിവാരണ സേനയുടെ ആഭിമുഖ്യത്തിൽ താലൂക്ക് അടിസ്ഥാനത്തിൽ മോക് ഡ്രില്ലുകളും |

| | | | |
|---|---|---|---|
| | | | സെമിനാറുകളും അഭ്യാസ പ്രകടനങ്ങളും നടത്തിവരുന്നു. ദുരന്ത നിവാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും വേണ്ടി 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ താലൂക്ക് ആസ്ഥാനങ്ങളിലും ജില്ലാകളക്ടറേറ്റുകളിലും പ്രവർത്തിക്കുന്നു. റവന്യൂ ഉദ്യോഗസ്ഥരെ കൂടാതെ പോലീസ്, അഗ്നിശമനസേന ഉദ്യോഗസ്ഥരും പ്രസ്തുത പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നു. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി, പ്രകൃതി ദുരന്തങ്ങളുടെ അടിയന്തിരഘട്ട മേൽനോട്ട കമ്മിറ്റി, മനുഷ്യ നിർമിത ദുരന്തങ്ങളുടെ അടിയന്തിരഘട്ട മേൽനോട്ട കമ്മിറ്റി, ക്വാറികളിൽ ഉണ്ടാകുന്ന അപകടങ്ങൾ ലഘൂകരിക്കുന്നതിന് അടിയന്തിരഘട്ട മേൽനോട്ട കമ്മിറ്റി, സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രം, ജില്ല അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങൾ, വരൾച്ചാ നിരീക്ഷണ സെൽ, ഓരോ ദുരന്ത സാഹചര്യത്തിലും ദുരന്ത തീവ്രതയെ അടിസ്ഥാനപ്പെടുത്തി വിവിധ വകുപ്പുകൾ കൈക്കൊള്ളേണ്ട നടപടികൾ ഉൾകൊള്ളിച്ച Emergency Supports Functions Plan നും Standard Operating Procedures ഉം, ദേശീയ ദുരന്ത പ്രതികരണ സേനയുടെ പ്രാദേശിക പ്രതികരണ കേന്ദ്രം എന്നിവ പ്രകൃതിക്ഷോഭങ്ങളെ നേരിടുന്നതിന് പ്രവർത്തിച്ച് വരുന്നു. |
| (സി) | പ്രസ്തുത അതോറിറ്റിയുടെ പ്രവർത്തനം ആധുനികവത്ക്കരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | ദുരന്ത ലഘൂകരണ പദ്ധതികളുടെ തയ്യാറെടുപ്പുകളുമായി ബന്ധപ്പെട്ട് ദുരന്ത പ്രതികരണത്തിനായി Search and Rescue, Early Warning, Evacuation, First Aid എന്നീ Emergency Response Team കൾ രൂപീകരിക്കുകയും പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രം സംസ്ഥാന, ജില്ലാ, താലൂക്ക് തലങ്ങളിൽ 24 മണിക്കൂറും പ്രവർത്തിച്ച് വരുന്നു. അതിനൂതന മുന്നറിവ് സാങ്കേതിക വിദ്യ സംയോജിപ്പിച്ച് കേന്ദ്രീകൃതമായി ദുരന്ത സാധ്യത അപഗ്രഥനം സാധ്യമാക്കുന്ന വിവര സാങ്കേതികവിദ്യ കെൽട്രോൺ, സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിന് വേണ്ടി നടപ്പാക്കി വരുന്നു. ഇതിനായി പ്രത്യേക സംവിധാനങ്ങളോട് കൂടി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ആസ്ഥാന മന്ദിരം നിർമാണം പൂർത്തിയാക്കി വരുന്നു. ഈ മന്ദിരത്തിൽ മേൽസൂചിപ്പിച്ച സംവിധാനം സ്ഥാപിച്ച് സംസ്ഥാന അടിയന്തിരഘട്ട |

| | | | |
|---|---|---|---|
| | | | കാര്യനിർവ്വഹണ കേന്ദ്രത്തിന്റെ പ്രവർത്തനം കൂടുതൽ ശക്തമാക്കുവാനുള്ള നടപടികൾ എടുത്തിട്ടുണ്ട്. വിവര സംവേദനസാങ്കേതിക വിദ്യയിലും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി വളരെ മുന്നേറിയിട്ടുണ്ട്. നിലവിൽ വയനാട്, ഇടുക്കി, എറണാകുളം എന്നീ ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങൾ, സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രവും, ദേശീയ സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രവുമായി സാറ്റലൈറ്റ് ഫോൺ, സാറ്റലൈറ്റ് ഇന്റർനെറ്റ്, കംപ്യൂട്ടറുകൾ, ഫാക്സ് വഴി ബന്ധിപ്പിച്ചിട്ടുണ്ട്. മറ്റെല്ലാ ജില്ലകളിലേക്കും, താലൂക്കുകളിലേക്കും ഈ സംവിധാനം വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ലഭ്യമാകുന്ന മുറക്ക് സാങ്കേതിക വിശകലനത്തിന് ശേഷം ദുരന്ത സാധ്യതാ മുന്നറിയിപ്പ് ആവശ്യമെന്നുകണ്ടാൽ പത്ര-മാധ്യമങ്ങൾ വഴി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നുമുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ